## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3090** **10.12.2018- ൽ മറുപടിക്ക്**

**കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ഉണ്ണി** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോങ്ങാട് - മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ കാലിക സ്ഥിതി വിശദമാക്കാമോ;<br>(ബി) ഇതിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; സാങ്കേതികാനുമതി എന്ന് നൽകുകയുണ്ടായി; എന്നാണ് ടെൻഡർ നടപടികൾ പൂർത്തീകരിച്ചത്; എന്നാണ് പ്രവൃത്തി ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19.10.2016 തീയതിയിലെ കത്ത് നമ്പർ RW/NH-28014/03/2016/KL/P7 പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കോങ്ങാട് - മംഗലംകുന്ന് റോഡിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 21.12.2016-ലെ സ.ഉ(സാധാ)നം.1738/2016/പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാർ സാമ്പത്തികാനുമതിയും 08.02.2017-ൽ നം.4/2016-17 പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ 14.02.2017-ൽ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s.Kudroli Builders-ുമായി 14.07.2017-ൽ എഗ്രിമെന്റ് നം.12/2017-18/SE/NH/KKD പ്രകാരം കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പൊതുമരാമത്ത് വകുപ്പ് പാലക്കാട് നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടി റോഡ് 18.09.2017-ൽ കൈമാറ്റം ചെയ്ത് നൽകുകയും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) കോങ്ങാട് - മംഗലംകുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിൽ ആകുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ? | (സി) തുടർച്ചയായ മഴയും കാലവർഷക്കെടുതിയും കാരണം ടി പ്രവൃത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുടക്കത്തിൽ കാലതാമസം ഉണ്ടായെങ്കിലും കരാർ കാലാവധിയായ 17.03.2019-നോട്ടു കൂടി സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ